**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 514** **05-10-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറി ഓഫീസുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ട്രഷറി ഓഫീസുകൾ നവീകരിക്കുന്നതിന് വകുപ്പ് മുന്തിയ പരിഗണന നൽകി വരുന്നുണ്ടോ; ജീർണ്ണിച്ച കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന ട്രഷറി ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ (ബജറ്റിൽ 20% തുക നീക്കിയിരുപ്പുള്ളവ) വകുപ്പ് മുൻകൈയ്യെടുക്കുമോ; വിശദമാക്കാമോ; | (എ) | പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബജറ്റിൽ 20% തുക നീക്കിയിരിപ്പുള്ള ട്രഷറികൾക്ക്, സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളും, സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ച് വരികയാണ്. |
| (ബി) | ട്രഷറി കെട്ടിടങ്ങളുടെ ഡി.പി.ആർ തയ്യാറാക്കാൻ ഏതെങ്കിലും അക്രഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുള്ള 4 ട്രഷറികളുടെയും , സ്ഥലം ലഭ്യമായിട്ടുള്ള 10 ട്രഷറികളുടെയും നിർമ്മാണ പ്രവൃത്തികൾക്കായി പുതിയ ഒരു അക്രഡിറ്റഡ് ഏജൻസിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (സി) | ഭരണാനുമതി നൽകുന്നതിലും പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിലും വരുന്ന കാലതാമസം ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഭൂമി ലഭ്യമാകുന്ന മുറക്കും പുതിയ അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്ന മുറയ്ക്കും നിർമ്മാണ പ്രവർത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ